(സി)&(ഡി) പുതിയ തസ്തികകൾ സൃഷ്ടിക്കുമ്പോൾ ഇക്കാര്യം പരിഗണിക്കുന്നതാണ്.

പോലീസ് വകുപ്പിലെ പ്രൊമോഷനുകൾ

53 (2982)ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആംഡ് പോലീസ് ബറ്റാലിയനിലെ 1995 മുതലുള്ള ഡെപ്യൂട്ടി കമാൻഡന്റ് വേക്കൻസികൾ എന്തുകൊണ്ടാണ് നികത്താത്തത്;

(ബി) ഡിവൈ.എസ്.പി., എസ്.പി. എന്നീ ജനറൽ എക്സിക്യൂട്ടീവ് വിഭാഗത്തിൽ പ്രൊമോഷൻ വഴി നിയമനം നൽകുന്നതിന് ഈ സർക്കാർ വന്നതിന്ശേഷം എത്ര തവണ ഡി.പി.സി. കൂടിയിട്ടുണ്ട്;

(സി) ആംഡ് പോലീസ് ബറ്റാലിയനിലെ എ.സി. മുതൽ കമാൻഡന്റ് വരെയുള്ളവരുടെ പ്രൊമോഷൻ നടത്തുന്നതിന് ഏറ്റവും അവസാനമായി ഡി.പി.സി. കൂടിയത് എന്നാണ്; ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന ശേഷം ഇക്കാര്യത്തിന് വേണ്ടി ഡി.പി.സി. കൂടിയിട്ടുണ്ടോ;

(ഡി) ആംഡ് പോലീസ് ബറ്റാലിയനിൽ എല്ലാ വർഷവും ഡി.പി.സി. കൂടാൻ വേണ്ട നടപടികൾ എടുക്കുമോ;

(ഇ) യഥാസമയം ഡി.പി.സി. കൂടാത്തതുകൊണ്ട് അർഹതപ്പെട്ട പ്രൊമോഷൻ ലഭിക്കാതെ എത്രപേർ ആംഡ് പോലീസിൽ നിന്ന് എ.പി.ഐ., എ.സി. എന്നീ തസ്തികകളിൽ ഇരുന്ന് പെൻഷൻ ആകാൻ ഇടവന്നിട്ടുണ്ട്?

ഉത്തരം

(എ) സെലക്ട് ലിസ്റ്റ് നിലവിലില്ലാതിരുന്നതുകൊണ്ട്.

(ബി) എസ്.പി. വിഭാഗത്തിൽ 4 തവണയും ഡിവൈ.എസ്.പി. വിഭാഗത്തിൽ 5 തവണയും ഡി.പി.സി. കൂടിയിട്ടുണ്ട്.

(സി) അവസാനമായി 8.7.1999-ൽ ഹയർ ഡി.പി.സി. കൂടിയിട്ടുണ്ട്.

(ഡി) ഇതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

(ഇ) പ്രൊമോഷന്റെ അർഹത പരിശോധിക്കുന്നത് ഡിപ്പാർട്ടുമെന്റ് പ്രൊമോഷൻ കമ്മിറ്റികളാണ്.

ആംഡ് റിസർവ്വിലെ എച്ച്.സി.മാരുടെ ഒഴിവുകൾ

54 (2983)ശ്രീ. ഇ.എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലാ ആംഡ് റിസർവ്വിൽ ഹെഡ് കോൺസ്റ്റബിൾമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട്;

(ബി) കോൺസ്റ്റബിൾമാരുടെ പ്രൊമോഷൻ ടെസ്റ്റ് ഏറ്റവും ഒടുവിലായി നടത്തിയത് എന്നാണ്;

(സി) ഹെഡ് കോൺസ്റ്റബിൾ ടെസ്റ്റ് ഇനി എന്നാണ് നടത്താൻ ഉദ്ദേശിക്കുന്നത്;

LIBRARY ARCHIVES Kerala Legislative Assembly